# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **12.11.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 4164**

**ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ നിർണ്ണയിച്ച റാങ്ക്**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. ഷംസുദ്ദീൻ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേന്ദ്രസർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ (ഡി.ഐ.പി.പി.) വ്യവസായ നിക്ഷേപസാധ്യത കണക്കിലെടുത്ത് നിർണ്ണയിച്ചിട്ടുള്ള റാങ്കിൽ സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണ്; പ്രസ്തുത റാങ്ക് നിർണ്ണയിച്ചിട്ടുള്ളത് എപ്രകാരമാണ് എന്നതിന്റെ വിശദാംശം നൽകുമോ; | (എ) | കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെൻറ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആൻറ് പ്രൊമോഷൻ (ഡി.ഐ.പി.പി.) ആണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ റാങ്കിങ് നിർണ്ണയിക്കുന്നത്. സംരംഭം ആരംഭിക്കുന്നത്, കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ ഏകജാലക സംവിധാനം തുടങ്ങി ധാരാളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെയും റാങ്ക് ഡി.ഐ.പി.പി. നിർണ്ണയിക്കുന്നത്.<br><br>2018 ൽ ഡി.ഐ.പി.പി. തയ്യാറാക്കിയ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 21 ആണ്. പ്രസ്തുത റാങ്കിംഗിൽ കേരളം 44.79 ശതമാനം മാർക്ക് നേടിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് നിലവിലുള്ള കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് 1999 പരിഷ്കരിച്ച് ഒരു പുതിയ നിയമം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി അതിവേഗം സുതാര്യമായി ലഭ്യമാക്കുന്നതിന് നിലവിലുള്ള 1999 ലെ കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻറ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യാ ഡെവലപ്മെന്റ് ആക്ട് ഭേദഗതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിക്കുകയും 07.11.2019 ൽ ഇത് ബില്ലായി കേരള നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**